പതിനാലാം കേരള നിയമസഭ
പതിനാറാം സമ്മേളനം
2019 നവംബർ 19 , ചൊവ്വ
**നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ**

**മെഡിക്കൽ ഇൻഷുറൻസ് പദ്ധതി**

ചോദ്യം : 5857
ശ്രീ.ആർ. രാമചന്ദ്രൻ

മറുപടി :
ഡോ. ടി.എം. തോമസ് ഐസക്ക്
ധനകാര്യവും കയറും വകുപ്പ് മന്ത്രി

| | ചോദ്യം | മറുപടി |
|---|---|---|
| (എ) | സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും വേണ്ടി നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുള്ള മെഡിക്കൽ ഇൻഷുറൻസ് പദ്ധതിയിൽ പങ്കാളിയാകുന്നതിന് സംസ്ഥാനത്തെ പ്രധാന ആശുപത്രികൾ ഉൾപ്പെട്ടിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൂടുതൽ പ്രധാന ആശുപത്രികളെ ഉൾപ്പെടുത്തി പദ്ധതി നടപ്പിലാക്കുന്നതിലേക്കായി റീ ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയിൽ കൂടുതൽ പ്രധാന ആശുപത്രികളെ കൂടി ഉൾപ്പെടുത്തുമോയെന്ന് അറിയിക്കാമോ; | |
| (സി) | ഈ പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി ടെണ്ടർ നടപടി പൂർത്തീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | ടെൻഡർ നടപടികളിലൂടെ തെരഞ്ഞെടുക്കപ്പെട്ട റിലയൻസ് ജനറൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ് മുഖാന്തിരം 01.08.2019 മുതൽ മെഡിസെപ് പദ്ധതി നടപ്പിലാക്കുന്നതിനായി 15.07.2019 ലെ സ.ഉ (പി)നം . 87/2019/ധന ഉത്തരവ് പ്രകാരം തത്വത്തിൽ അംഗീകാരം നൽകി ഉത്തരവായെങ്കിലും ആർ.എഫ്.പി (REQUEST FOR PROPOSAL)യിൽ വ്യവസ്ഥ ചെയ്തിട്ടുള്ള എംപാനൽമെന്റ് മാനദണ്ഡങ്ങൾ പാലിക്കുന്നതിൽ വീഴ്ച വരുത്തിയതിനാൽ പ്രസ്തുത കമ്പനിക്ക് നൽകിയ അവാർഡ് ഓഫ് കോൺട്രാക്ട് റദ്ദു ചെയ്തിട്ടുള്ളതാണ്. പദ്ധതിയുടെ റീ-ടെണ്ടറിനു മുന്നോടിയായുള്ള നടപടികൾ നിലവിൽ പുരോഗമിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**